Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

# കേരള വാട്ടർ അതോറിറ്റി

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യു എ/JB/PDC/P6/8391/19

തീയതി: 31.10.2020

## സർക്കുലർ

വിഷയം:- കേരളാ വാട്ടർ അതോറിറ്റി - ഫിനാൻസ് - പെൻഷൻ വിതരണ സെൽ - വാർഷിക ജീവന സാക്ഷ്യപത്രം സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1. G.O. (P) NO. 5600/2020/FIN. DATED, 30/09/2020.

കേരള വാട്ടർ അതോറിറ്റിയിലെ സർവീസ്/കുടുംബ പെൻഷൻകാരുടെ 2021 വർഷത്തിലേക്കാവശ്യമായ വാർഷിക ജീവന സാക്ഷ്യപത്രം സൂചന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും, കോവിഡ്-19 മഹാമാരിയുടെ വ്യാപനം സംസ്ഥാനത്ത് അതിതീവ്രമായി തുടരുന്ന സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റിയിലെ സർവീസ്/കുടുംബ പെൻഷൻ കൈപ്പറ്റുന്ന വയോജനങ്ങളുടെ യാത്രകൾ പരമാവധി കുറയ്ക്കുന്നതിന്റെ ഭാഗമായും താഴെ പറയുന്ന ഏതെങ്കിലും മാർഗങ്ങളിലൂടെ മസ്റ്ററിംഗ് നടത്താവുന്നതാണ്. മസ്റ്ററിംഗ് നടത്താനുള്ള തീയതി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021 മാർച്ച് 31 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

1. കെ എസ് ആർ ഭാഗം III ചട്ടം 28 (ബി) യിൽ വ്യവസ്ഥ ചെയ്യുന്ന സർക്കാർ / വാട്ടർ അതോറിറ്റി ഗസറ്റഡ് ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന വാർഷിക ജീവന സാക്ഷ്യപത്രം 2020 നവംബർ 1 മുതൽ 2021 മാർച്ച 31 വരെയുള്ള കാലയളവിനുള്ളിൽ അവർക്കു സൗകര്യ പ്രദമായ കേരളാ വാട്ടർ അതോറിറ്റിയുടെ അതത് മേഖല ചീഫ് എഞ്ചിനീയർ, സർക്കിൾ, ഡിവിഷൻ ഓഫിസുകളിൽ നേരിട്ടോ, കേരളാ വാട്ടർ അതോറിറ്റിയുടെ പെൻഷൻ വിതരണ സെല്ലിലോ, അല്ലെങ്കിൽ തപാൽ മുഖേനയോ **( അക്കൗണ്ട്സ് ഓഫീസർ, പെൻഷൻ വിതരണ സെൽ, കേരള വാട്ടർ അതോറിറ്റി, ജലഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം 695033 എന്ന മേൽ വിലാസത്തിൽ, കവറിനു മുകളിൽ വാർഷിക ജീവൽ പത്രിക 2020 എന്ന രേഖപ്പെടുത്തലോടുകൂടി)** ലഭ്യമാക്കാവുന്നതാണ്.

2. കെ എസ് ആർ ഭാഗം III ചട്ടം 28 (ബി ) യിൽ വ്യവസ്ഥ ചെയ്യുന്ന സർക്കാർ/ വാട്ടർ അതോറിറ്റി ഗസറ്റഡ് ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന വാർഷിക ജീവന സാക്ഷ്യപത്രം, ടി പെൻഷണറുടെ ഐ ഡി കാർഡിന്റെയും ആധാർ കാർഡിന്റെയും പകർപ്പ് എന്നിവയോടൊപ്പം അസ്സൽ സ്കാൻ ചെയ്തത് 2020 നവംബർ 1 മുതൽ 2021 മാർച്ച 31 വരെയുള്ള കാലയളവിനുള്ളിൽ pensiondisbursementcell@gmail.com എന്ന ഇ-മെയിൽ വഴി ലഭ്യമാക്കാവുന്നതാണ്.

3. കേരള വാട്ടർ അതോറിറ്റിയിലെ സർവീസ്/കുടുംബ പെൻഷൻകാർക്ക് "whatsapp" വീഡിയോകാൾ വഴി എല്ലാ പ്രവർത്തിദിവസങ്ങളിലും ഉച്ചയ്ക്ക് 2.30 മുതൽ 04.30 മണി വരെ മസ്റ്ററിംഗ് നടത്താവുന്നതാണ്. ഇത്തരത്തിൽ മസ്റ്ററിംഗ് നടത്തുന്നവരുടെ തിരിച്ചറിയൽ പെൻഷൻ വിതരണ സെല്ലിൽ നിന്നും വിതരണം ചെയ്ത ഐഡന്റിറ്റി കാർഡിലുള്ള ഫോട്ടോയുമായി പെൻഷൻ വിതരണ സെല്ലിലെ ഓഫീസർ ഒത്തു നോക്കി പൂർണ്ണ ബോധ്യം

Draft #1 of File KWA/JB/PDC/P6/8391/19 Approved by Finanace Manager & Chief Accounts Officer(i/c) on 31-Oct-2020 09:30 AM - Page 1

വരുന്ന പക്ഷം മാത്രമേ മസ്റ്ററിംഗ് പരിഗണിക്കുകയുള്ളൂ. (**whatsapp നമ്പർ. 8289940615**).

വാർഷിക ജീവന സാക്ഷ്യപത്രികയോടൊപ്പം ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. വാർഷിക ജീവന സാക്ഷ്യപത്രികയിൽ നിർബന്ധമായും ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, പി.പി.ഒ (P.P.O), ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

കേരളാ വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റ് ആയ kwa.kerala.gov.in -ൽ, വാർഷിക ജീവൽ സാക്ഷ്യപത്രികയുടെ മാതൃകയും അവ സമർപ്പിക്കേണ്ടതിനാവശ്യമായ നിർദേശങ്ങളും ലഭ്യമാണ്. 31 .03 .2021 ന് ശേഷം കേരള ട്രഷറി കോഡ് വാല്യം 1 ചട്ടം 280 (എ) പ്രകാരമോ, ഖണ്ഡിക 1 പ്രകാരം മസ്റ്ററിംഗ് പരിമിതപ്പെടുത്തുന്നതാണ്.

Shijith V
ഫിനാൻസ് മാനേജർ & ചീഫ്
അക്കൗണ്ട്സ് ഓഫീസർ (i/c)

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ (ദക്ഷിണ മേഖല/ മധ്യ മേഖല /ഉത്തര മേഖല /പി.പി.ഡി.,വാസ്റ്റോൺ& സീവേജ് വെർട്ടിക്കൽ /ജിക്ക)
എല്ലാ സൂപ്രണ്ടിങ് എഞ്ചിനീയർ, PH സർക്കിൾ..........................................
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ, PH ഡിവിഷൻ .............................
സർക്കുലറിന്റെ പകർപ്പ് താങ്കളുടെ കാര്യാലയത്തിലെ നോട്ടീസ് ബോർഡില് പ്രസിദ്ധികരിക്കേണ്ടതാണ്. താങ്കളുടെ ഓഫീസിൽ ലഭിക്കുന്ന എല്ലാ ജീവൽ പത്രികയും പെൻഷൻ വിതരണ സെല്ലിൽ നിശ്ചിത ഫോർമാറ്റിലുള്ള ലിസ്റ്റ് ഉൾപ്പെടെ ലഭ്യമാക്കേണ്ടതാണ് . ഫോർമാറ്റ് കേരള വാട്ടർ അതോറിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്.

സെക്രട്ടറി - "whatsapp" വീഡിയോകാൾ വഴി മസ്റ്ററിംഗ് നടത്തുന്നതിനായി ഐപാഡ് അല്ലെങ്കിൽ ലാപ് ടോപ് പെൻഷൻ വിതരണ സെല്ലിൽ ലഭ്യമാക്കുന്നതിനായുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
AEE , ഹെഡ് ക്വാർട്ടേഴ്സ് സബ് ഡിവിഷൻ, വെള്ളയമ്പലം, തിരുവനന്തപുരം - വാർഷിക ജീവന സാക്ഷ്യപത്രിക സ്വീകരിക്കുന്നതിനായി CC U ബിൽഡിംഗ് ലെ താഴത്തെ നിലയിൽ അവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഉള്ളടക്കം

വാർഷിക ജീവൽ സാക്ഷ്യപത്രികയുടെ മാതൃക

പകർപ്പ്:-

DBA for publishing in the website,
Principal Information Officer for publishing in the leading dailies .

Draft #1 of File KWA/JB/PDC/P6/8391/19 Approved by Finanace Manager & Chief Accounts Officer(i/c) on 31-Oct-2020 09:30 AM - Page 2

The document is digitally approved. Hence signature is not needed.

ഫോറം നമ്പർ 1

# വാർഷിക ജീവൽ പത്രിക

ഗസറ്റഡ് ഉദ്യോഗസ്ഥനെ കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടത്

ഞാൻ, (സാക്ഷ്യപ്പെടുത്തുന്ന ഗസറ്റഡ് ഉദ്യോഗസ്ഥൻറെ പേരും മേൽവിലാസവും) ..........................................

..............................................................................................................................................

കേരള വാട്ടർ അതോറിറ്റിയിലെ സർവീസ്/കുടുംബ പെൻഷൻകാരനും / പെൻഷൻകാരിയും ഒപ്പ് /വിരലടയാളം താഴെ കൊടുത്തിരിക്കുന്ന ആളുമായ ശ്രീ/ശ്രീമതി(പെൻഷൻ ലഭിക്കുന്ന വ്യക്തിയുടെ പേരും മേൽവിലാസവും)

..............................................................................................................................................

ഇന്നേ ദിവസം ( ....../...... /20...... )ജീവിച്ചിരിക്കുന്നുവെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പെൻഷൻ ലഭിക്കുന്ന വ്യക്തിയുടെ ഒപ്പ്/വിരലടയാളം

പി പി ഒ നമ്പർ ..............................

ബാങ്ക് അക്കൗണ്ട് നമ്പർ .....................................(എസ് ബി ഐ )

ഫോൺ നമ്പർ ....................................

പാൻ (PAN) നമ്പർ ...........................

ആധാർ നമ്പർ ...............................

ഗസറ്റഡ് ഉദ്യോഗസ്ഥൻറെ ഓഫീസ് സീൽ

ഗസറ്റഡ് ഉദ്യോഗസ്ഥൻറെ

തീയതിയോടു കൂടിയ ഒപ്പ്

പേര്

ഔദ്യോഗിക പദവി

ഓഫീസ്

ഫോറം നമ്പർ 2

# വാർഷിക ജീവൽ പത്രിക

## ജോലിയെ സംബന്ധിച്ചുള്ള സാക്ഷ്യപത്രം

താഴെ പ്രസ്താവനകളിൽ ആവശ്യമില്ലാത്ത ഭാഗം റദ്ദാക്കുക

ഞാൻ, കേരള വാട്ടർ അതോറിറ്റിയിൽ നിന്നോ/സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ/ലോക്കൽ ഫണ്ടിൽ നിന്നോ/ഏതെങ്കിലും നിലയ്ക്കുള്ള സേവനത്തിൽ വേതനം/ഒന്നിലധികം പെൻഷൻ കൈപറ്റുന്നില്ല എന്ന് അറിയിക്കുന്നു.

**അല്ലെങ്കിൽ**

ഞാൻ, ........................................................(തസ്തികയിൽ) .................................................................................................... (വകുപ്പിൻറെ പേര് മേൽവിലാസം) പുനർ നിർണയിക്കപ്പെട്ടിരിക്കുന്നുവെന്നും/ ജോലി നോക്കുന്നുവെന്നും സൂചിപ്പിച്ച പ്രകാരം വേതനം/പെൻഷൻ കൈപ്പറ്റുന്നുവെന്നും പ്രസ്താവിക്കുന്നു.

| | | |
|---|---|---|
| 1പെൻഷൻ ലഭിക്കുന്ന വ്യക്തിയുടെ പേരും മേൽവിലാസവും | 2) തീയതിയോടു കൂടിയ ഒപ്പ്/ വിരലടയാളം | സ്ഥലം തീയതി |

**<u>ഫോറം നമ്പർ 3</u>**

## വാർഷിക ജീവൽ പത്രിക

ഗസറ്റഡ് ഉദ്യോഗസ്ഥനെ കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടത്

<u>(കുടുംബ പെൻഷൻ ലഭിക്കുന്നവർ മാത്രം)</u>

**പ്രത്യേക ശ്രദ്ധക്ക് : കുടുംബ പെൻഷൻ ലഭിക്കുന്നവർ നിർബന്ധമായും ഈ ഫോറം ഗസറ്റഡ് ഉദ്യോഗസ്ഥനെ കൊണ്ട് സാക്ഷ്യപ്പെടുത്തണം.**

ഞാൻ, (കുടുംബ പെൻഷൻ ലഭിക്കുന്ന വ്യക്തിയുടെ പേര്, മരണപ്പെട്ട പെൻഷണറുടെ/വ്യക്തിയുടെ പേരും ബന്ധവും മേൽവിലാസവും ഉൾപ്പെടെ) ........................................................................................................................................ കുടുംബ പെൻഷൻ ........................................................................................................................................ ലഭിച്ച ശേഷം ഈ തീയതി വരെ വിവാഹം ........................................................................(ചെയ്തു/ചെയ്തിട്ടില്ല) പുനർ വിവാഹം..........................................(ചെയ്തു/ചെയ്തിട്ടില്ല) എന്ന് ബോധിപ്പിക്കുന്നു. (ആവശ്യമില്ലാത്ത ഭാഗം റദ്ദാക്കുക)

1)കുടുംബ പെൻഷൻ ലഭിക്കുന്ന വ്യക്തിയുടെ പേര്

2) ഒപ്പ്/വിരലടയാളം

3) തീയതി :

മുകളിൽ കൊടുത്ത പ്രസ്താവന എൻറെ അറിവിലും അന്വേഷണത്തിലും ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

1)ഗസറ്റഡ് ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ്

2) തീയതി :

3) ഓഫീസ് സീൽ